"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ആറ്റുകാൽ പൊങ്കാല മഹോത്സവം 2024 - വിവിധ വകുപ്പുകൾ പൂർത്തിയാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.277/2025/LSGD തീയതി,തിരുവനന്തപുരം, 29-01-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 1123/2024/തസ്വഭവ തീയതി 25/06/2024.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25/06/2024, 01/07/2024 തീയതികളിലെ DCTVM/13780/2023-S9 നമ്പർ കത്തുകൾ
3. സ.ഉ.(സാധാ) നം. 507/2025/ധന തീയതി 19/01/2025.

**<u>ഉത്തരവ്</u>**

2024 -ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോട് അനുബന്ധിച്ച് വിവിധ വകുപ്പുകൾ അടിയന്തിരമായി പൂർത്തിയാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പരാമർശം (1) പ്രകാരം 2,50,15,942/- രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. തുടർന്ന് 2024 ലെ വിവിധ നിർവ്വഹണ ഏജൻസികൾ പൂർത്തീകരിച്ച പ്രവർത്തികൾക്ക് ചെലവായ തുകയായ 1,49,76,928/- രൂപയും 2,09,401/- രൂപയും കൂടി ചേർത്ത് ആകെ തുകയായ 1,51,86,329/- രൂപ അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024 ലെ ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് കേരള വാട്ടർ അതോറിറ്റി സീവേജ് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ, മൈനർ ഇറിഗേഷൻ തുടങ്ങിയ നിർവഹണ ഏജൻസികൾ പൂർത്തീകരിച്ച പ്രവർത്തികൾക്ക് പരാമർശം (3) പ്രകാരം അധികധനാനുമതിയായി "2217-01-800-94 ആറ്റുകാൽ പൊങ്കാല ഉത്സവത്തിനുള്ള ധനസഹായം - പ്ലാൻ" എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും 1,51,86,329/- (ഒരു കോടി അമ്പത്തിയൊന്നു ലക്ഷത്തി എൺപത്തിയാറായിരത്തി മുന്നൂറ്റി ഇരുപത്തിയൊൻമ്പത് രൂപ മാത്രം) റിലീസ് ചെയ്യുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ബിൽ തുകകളുടെ ഇനം തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

3) മേൽപ്രകാരമുള്ള അധിക ധനാനുമതിയായി ലഭ്യമായ തുക ധനപുനർവിനിയോഗം / ഉപധനാദ്യർത്ഥന വഴി നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് ക്രമീകരിക്കുന്നതിനുളള നടപടി ബന്ധപ്പെട്ട ശീർഷകത്തിന്റെ ചുമതലയുള്ള കൺട്രോളിംഗ് ഓഫിസർ സികരിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫിസർ, സബ് ട്രഷറി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ/എൽ.ബി.എ.), കേരള
തിരുവനന്തപുരം
ധനകാര്യ (വികസന) വകപ്പ് (DEV-2/230/2024-FIN (2891225 dated 22/1/2025)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA2/7/2024/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 29-01-2025 17:09:02
സെക്ഷൻ ഓഫീസർ